(ബി) ഇതേവരെ ഓരോ വർഷവും ഒരാൾക്ക് ഓണറേറിയം/കൂലി ഇനത്തിൽ എന്ത് തുക വീതമാണ് നൽകിയിട്ടുള്ളതെന്നും ഈ ഇനത്തിൽ കുടിശ്ശികയായി തുക നൽകാനുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

കേരള സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ വഴി നല്കുന്ന വായ്പകൾ

21 (175) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ വഴി വായ്പകൾ നല്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തുതരം വായ്പകളാണ് നല്കാറുള്ളത് ;

(ബി) 2000-മാണ്ട് മുതൽ ഈ സ്ഥാപനം വഴി എത്ര തുക വായ്പയായി നൽകി എന്നും എത്ര തുക തിരിച്ചടവ് ഉണ്ടായി എന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

കേരളാ വനിതാ വികസന കോർപ്പറേഷനിലെ നിയമനം

22 (176) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മെയ് മാസത്തിനുശേഷം കേരള വനിതാ വികസന കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിലും വിവിധ തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; അവരുടെ തസ്തിക തിരിച്ചും ഓഫീസ് തിരിച്ചുമുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) കരാർ, ദിവസവേതനം എന്നീ വ്യവസ്ഥകളിന്മേൽ നിയമിതരായിട്ടുള്ള ഏതെല്ലാം തസ്തികകളിൽപ്പെട്ട എത്രപേരെയാണ് സർവ്വീസിൽ റഗുലറൈസ് ചെയ്യുവാൻ വനിതാ വികസന കോർപ്പറേഷൻ ശിപാർശ ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവരെ റഗുലറൈസ് ചെയ്യുന്നത് നിലവിലുള്ള ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ, ദിവസവേതനം എന്നീ വ്യവസ്ഥകളിന്മേൽ നിയമിതരായിട്ടുള്ള ആരെയും സർവ്വീസിൽ റഗുലറൈസ് ചെയ്യാൻ വനിതാ വികസന കോർപ്പറേഷൻ ശിപാർശ ചെയ്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മില്ലിന് ഗ്യാരന്റി നല്കാൻ നടപടി

23 (177) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂരിലെ സഹകരണ സ്പിന്നിംഗ് മില്ലിന് സർക്കാർ ഗ്യാരന്റി നല്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചാത്തന്നൂരിലെ സഹകരണ സ്പിന്നിംഗ് മില്ലിനു സർക്കാർ ഗ്യാരന്റി നൽകുന്ന കാര്യം പരിഗണനയിലാണ്.

കൈത്തറി മേഖലയിലെ തൊഴിൽ ലഭ്യത

24 (178) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പൂർണ്ണമായും തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ നൂൽ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കുന്നതിനും വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.* കൂടാതെ തിരുവനന്തപുരം ജില്ലയിലെ 4000 നെയ്ത്തുകാർക്ക് തൊഴിൽ നൽകുന്ന 14.64 കോടി രൂപയുടെ 'തനിമ' എന്ന പദ്ധതിയും കണ്ണൂർ ജില്ലയിലെ 3000 നെയ്ത്തുകാർക്ക് തൊഴിൽ നൽകുന്ന 11.08 കോടി രൂപയുടെ 'കൃതിക' എന്ന പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കണ്ണൂരിനെ ടൗൺ ഓഫ് എക്സ്പോർട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly